**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3861** **27-10-2021 - ൽ മറുപടിയ്ക്ക്**

**തടവുകാർക്ക് കൗൺസിലിംഗ് നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ എന്നീ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്ന കുറ്റാരോപിതരായ തടവുകാർക്കും, ശിക്ഷാ തടവുകാർക്കും കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ 16 സ്പെഷ്യൽ സബ് ജയിലുകളിൽ തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് സ്ഥാപനങ്ങളിൽ വെൽഫെയർ ഓഫീസർമാർ തടവുകാർക്ക് കൗൺസിലിംഗ് നൽകിവരുന്നു. കൗൺസിലർമാരുടെ 5 തസ്തികയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ 3 തസ്തികയും പുതിയതായി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവരെ സെൻട്രൽ ജയിലുകളിലും കോഴിക്കോട്, എറണാകുളം ജില്ലാ ജയിലുകളിലും നിയമിച്ചിട്ടുള്ളതും ഇവരുടെ സേവനം മറ്റു ജയിലുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. എൻ.ജി.ഒ കളുടെയും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സബ് ജയിൽ ,സ്പെഷ്യൽ സബ് ജയിൽ എന്നീ സ്ഥാപനങ്ങളിൽ കൗൺസിലിംഗ് നൽകി വരുന്നുണ്ട്. അടിസ്ഥാന വിഭാഗം ജീവനക്കാരുടെ പരിശീലന സിലബസിൽ കൗൺസിലിംഗ് ഉൾപ്പെടുന്ന കറക്ഷണൽ സൈക്കോളജി ഉൾപ്പെടുത്താനും കേരള യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ അഡൽറ്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ & എക്സ്റ്റൻഷൻ മുഖാന്തിരം പരിശീലനം നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത തടവുകാർക്ക് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ